## (2) സ്പീക്കറുടെയും നിയമസഭാ സെക്രട്ടേറിയറ്റിന്റെയും സ്വതന്ത്രാധികാരം കവർന്നെടുക്കൽ

2018 ജൂൺ മാസം 20-ാം തീയതി റിപ്പോർട്ട് സമർപ്പണത്തിനുശേഷം ബഹുമാനപ്പെട്ട സ്പീക്കറുടെയും നിയമസഭാ സെക്രട്ടേറിയറ്റിന്റെയും അധികാരങ്ങൾ കവർന്നെടുക്കാൻ ധനകാര്യ വകുപ്പ് ശ്രമിക്കുകയാണെന്നും നിയമസഭാ സെക്രട്ടേറിയറ്റിന്റെ സ്വതന്ത്രമായ അധികാരങ്ങൾ സംബന്ധിച്ച് ഭരണഘടനയിലും ശക്ധർ ആന്റ് കൗളിലും വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട് 1996-ൽ മറ്റൊരു ക്രമപ്രശ്നം സഭയിൽ ഉന്നയിക്കപ്പെട്ടപ്പോൾ ധനകാര്യ വകുപ്പ് ഇറക്കിയ ഉത്തരവ് പിൻവലിക്കാമെന്ന് അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി സമ്മതിക്കുകയും സഭയോട് മാപ്പ് ചോദിക്കുകയും ചെയ്തിട്ടുണ്ടെന്നും ധനകാര്യ വകുപ്പിലെ ഉദ്യോഗസ്ഥർ നിയമസഭാ സെക്രട്ടേറിയറ്റിന്റെ ഭരണഘടനാപരമായ അധികാരത്തിലും ബഹുമാനപ്പെട്ട സ്പീക്കറുടെ സ്വതന്ത്രമായ അധികാരത്തിലും ഇടപെടുന്ന സാഹചര്യമാണുള്ളതെന്നും അങ്ങനെയെടുത്തിരിക്കുന്ന തീരുമാനങ്ങൾ ധനകാര്യ വകുപ്പ് പിൻവലിക്കുകയും മേലിൽ ഇത്തരം കാര്യങ്ങൾ ആവർത്തിക്കില്ലെന്ന് ധനകാര്യ വകുപ്പുമന്ത്രി സഭയ്ക്ക് ഉറപ്പുനൽകണമെന്നും ഇക്കാര്യത്തിൽ ചെയറിന്റെ റൂളിംഗ് ഉണ്ടാകണമെന്നും

ഒരംഗം ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെടുകയുണ്ടായി.

ക്രമപ്രശ്നത്തിൽ ഉന്നയിച്ചതുപോലുള്ള ആശയക്കുഴപ്പങ്ങളോ തർക്കങ്ങളോ നിലവിലില്ലെന്നും 1973-ലെ നിയമസഭാ സെക്രട്ടേറിയറ്റ് (റിക്രൂട്ട്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) റൂൾസ് ആണ് നിയമസഭാ സെക്രട്ടേറിയറ്റിലെ ജീവനക്കാരുടെ റിക്രൂട്ട്മെന്റിനും സേവന വേതന വ്യവസ്ഥകൾക്കും ബാധകമായിട്ടുള്ളതെന്നും നിയമസഭാ സെക്രട്ടേറിയറ്റിലെയും അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിലെയും തത്തുല്യമായ തസ്തികകൾക്ക് സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ തസ്തികകൾക്ക് ബാധകമായ ശമ്പളവും അലവൻസുകളുമാണ് ലഭിക്കുന്നതെന്നും നിയമസഭാ സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥർക്ക് തുല്യരായ ഉദ്യോഗസ്ഥർ അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിൽ ഇല്ലാത്തപക്ഷം അവരുടെ ശമ്പളവും മറ്റ് അലവൻസുകളും മുഖ്യമന്ത്രിയുമായി കൂടിയാലോചിച്ച് ബഹുമാനപ്പെട്ട സ്പീക്കറാണ് തീരുമാനിക്കേണ്ടതെന്നും ഇത്തരത്തിൽ സ്പീക്കർ മുഖ്യമന്ത്രിയുമായി കൂടിയാലോചിച്ചെടുക്കുന്ന തീരുമാനങ്ങൾ ധനകാര്യ വകുപ്പിന് സ്വീകാര്യമായിരിക്കുമെന്നും ഇതുസംബന്ധിച്ച ആശയക്കുഴപ്പങ്ങളിൽ മുഖ്യമന്ത്രിതന്നെ നിലപാട് വ്യക്തമാക്കിയിട്ടുണ്ടെന്നും ധനകാര്യവും കയറും വകുപ്പുമന്ത്രി വിശദീകരണം നൽകുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി.*

" ചട്ടം 303 പ്രകാരം ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ചത് ഗൗരവമായ വിഷയമാണ്. ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള അവ്യക്തതകൾ നിലനിൽക്കുന്നുണ്ടെങ്കിൽ ചെയർ മുൻകയ്യെടുത്ത് പരിഹരിക്കുന്നതാണ്. ധനകാര്യ വകുപ്പുമന്ത്രി ഗവൺമെന്റിന്റെ വാദം ഇവിടെ ഉന്നയിക്കുകയുണ്ടായി. ഈ വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഇപ്പോൾ റൂളിംഗ് നൽകുന്നില്ല. കാര്യങ്ങൾ വിശദമായി പരിശോധിച്ച് പിന്നീട് വ്യക്തമായ റൂളിംഗ് നൽകുന്നതാണ്" .

---

* XIV KLA/ XI Session Vol.172 Report No.10 dated 20-6-2018